# LANTERN

## 2020

**Exploring The New Horizons Of Literature Digitally**



**DIGITAL MAGAZINE**
**BY**
**LITTLE KITES UNIT**
**NSS HSS VARAPPETTY**


എൻ എസ് എസ് ഹയർ സെക്കൻഡറി സ്കൂൾ
വാരപ്പെട്ടി . കോതമംഗലം PIN 686 691

# LANTERN
# 2020

## പ്രസാധകർ

**ചന്ദനകൃഷ്ണകുമാർ**
**അർജ്ജുൻ ജയകുമാർ**
**ഗൗരി നന്ദന ബി**
**അൽക്ക മോൾ വർഗീസ്**
**രാഗേന്ദു ബിജു**
**ദേവാങ്കന ബി നായർ**
**മേഘന കെ മോഹനൻ**
**അമൃത രാജേഷ്**

## പത്രാധിപസമിതി

**ശ്രീജയ എൻ ആർ (H M)**
**വിശാഖ് ശശീധരൻ (SITC)**
**ബിന്ദു ആർ (Kite mistress)**
**രഞ്ജിനി എസ് (Kite mistress)**

## നിർദേശം

**എൻ ജയലക്ഷ്മി**
**അംബിക കല്യാൺ**

# സന്ദേശം

ആധുനിക സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിയ്ക്കുന്ന ഇക്കാലത്ത്  പഠനത്തിലും അധ്യാപനത്തിലും കുടി ഇവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സംസ്ഥാന സർക്കാർ സംസ്ഥാനത്തുടനീളം നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് ഹൈടെക് വിദ്യാലയം .

ഈ പദ്ധതിയുടെ ഭാഗമായി അധ്യാപകർക്കു  മാത്രമല്ല വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നു എന്നത്  പ്രാധാന്യം അർഹിക്കുന്നു .

ലിറ്റിൽ കൈറ്റ്സ് എന്ന നമ്മുടെ കുട്ടികളുടെ കൂട്ടായ്മ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ  LANTERN വരും നാളുകളിൽ ശക്തിപകരുന്നതാകട്ടെ

***N.R SREEJAYA***
**(HEADMISTRESS)**



# CHIEF EDITORS



**BINDU R**



**RENJINI S**



***VISAK SASIDHARAN***



***ARJUN JAYAKUMAR***



***CHANDANA KRISHNAKUMAR***

# LITTLE KITES MEMBERS (2019-21)



# എഡിറ്റോറിയൽ

വിവരസാങ്കേതിക വിദ്യയുടെ ആവിർഭാവം ഈ നൂറ്റാണ്ടിൽ ഒട്ടേറെ നൂതന ആശയങ്ങൾക്ക് ഊർജ്ജം പകർന്നിട്ടുണ്ട്. എല്ലാ രംഗത്തുംടെക്നോളജിയുടെ  അതിപ്രസരം നമുക്ക്  കാണുവാനാവും. ഈ കാലഘട്ടത്തിൽ സർഗാത്മക ശേഷിയുടെ ഉൾത്തുടിപ്പുകൾ തൊട്ടറിഞ്ഞുകൊണ്ട് അവയുടെ  ആന്തരികസത്ത ചോരാതെ കൂടുതൽ കൂടുതൽ ആളുകളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന് ഡിജിറ്റൽ മാഗസിനുകൾ പോലുള്ള നവീന ആശയങ്ങൾ  വഹിയ്ക്കുന്ന പങ്ക് നിർണായകമാണ്. ലിറ്റിൽ  കൈറ്റ്സ് അംഗങ്ങൾ  തയാറാക്കുന്ന **LANTERN- 2020** എന്ന ഡിജിറ്റൽ മാഗസീനിന്റെ ആശയങ്ങൾ സാർത്ഥകമാകട്ടെ  എന്ന ശുഭാപ്തി വിശ്വാസത്തോടെ ...

**വിശാഖ്  ശശിധരൻ (SITC)**



# INSPIRATIONAL QUOTES OF GREAT PERSONALITIES

*"I Walk slowly
but i never walk
backword."*
***- Abraham Lincon***

*"Dont fear for facing failure
in the first attempt,
because even the
successful
maths starts with
'zero' only"*
***-APJ Abdul Kalam***

*''For peace,The daring
people do not fear to
for give anyone."*
***- Nelson Mandela***

*"People imagine false
things rather than
true things."*
***-Isac Newton***

***Aaradhika Prasad VIIB***



# ഉറ്റസുഹൃത്തുക്കൾ

ഒരിടത്ത് ചക്കി എന്ന പൂച്ചയും ചോട്ടു എന്ന പട്ടിയും ഉണ്ടായിരുന്നു. അവർ അവരുടെ യജമാനനോടൊപ്പം സുഖമായി ജീവിച്ചു. ഒരു ദിവസം യജമാനൻ അവർക്ക് രണ്ടുപേർക്കുമായി ഒരു എല്ല് കൊടുത്തു.അത് കണ്ടപ്പോഴെ ചോട്ടുവിന്റെ വായിൽ വെള്ളമൂറി. ചക്കിയ്ക്കാകട്ടെ സങ്കടം തോന്നി. അത് കണ്ട ചോട്ടു ചോദിച്ചു :നീ എന്താ വിഷമിച്ച് നിൽക്കുന്നത്.ചക്കി പറഞ്ഞു:എനിക്ക് എല്ല് ഇഷ്ടമല്ല. അപ്പോൾ ചോട്ടു ചോദിച്ചു : അതെന്താ. ചക്കി പറഞ്ഞു:എനിക്ക് അത് തിന്നാൽ അസുഖം വരും. ഇത്രയും പറഞ്ഞപോഴേക്കും ഒന്നും കഴിക്കാത്തത് കൊണ്ട് ചക്കി മയങ്ങിവീണു. ചോട്ടുവിന് ഇത് കണ്ടപ്പോൾ സങ്കടമായി.യജമാനൻ ജോലിക്ക് പോയി കഴിഞ്ഞ ഉടനെ ചോട്ടു അടുക്കളയിൽ ഉണ്ടായിരുന്ന മീൻ എടുത്തുകൊണ്ടുവന്നു. ഇത് അയൽവാസി കണ്ടു. അയൽവാസി അത് യജമാനനോട് പറഞ്ഞു. യജമാനൻ ചോട്ടുവിനെ പുറത്താക്കി. രണ്ടുമൂന്ന് ദിവസം കഴിഞ്ഞിട്ടും ചൊട്ടുവിനെ കാണാത്തത് കൊണ്ട് ചക്കി ചോട്ടുവിനെ തേടി പോയി. അങ്ങനെ വീണ്ടും യജമാനൻ തനിച്ചായി.

**ഐഷമോൾ നിയാസ് VI A**



# കുട്ടനണ്ണാനും കുളക്കോഴിയും

ഒരിക്കൽ അണ്ണാനും കുളക്കോഴിയും നടക്കാനിറങ്ങി. മഴ പെയ്ത് പുഴ നിറഞ്ഞൊഴുകുന്നത് അവർ നോക്കി നിന്നു. കുട്ടനണ്ണാനാണ് ആ കാഴ്ച ആദ്യം കണ്ടത്. പുഴയിലൂടെ ഒരു വാഴത്തൈ ഒഴുകിവരുന്നു. കുളക്കോഴി നീന്തിചെന്ന് വാഴച്ചെടി കരയിൽ എത്തിച്ചു. കുളക്കോഴി വാഴച്ചെടിയുമായി പോകാനൊരുങ്ങി. "അത് പറ്റില്ല , വാഴത്തൈ ഒഴുകി വരുവരുന്നത് ആദ്യം കണ്ടത് ഞാനാണ് വാഴയുടെ പകുതി എനിക്കുവേണം"കുട്ടനണ്ണാൻ പറഞ്ഞു.തർക്കത്തിനൊടുവിൽ കുളക്കോഴി പറഞ്ഞു :"സമ്മതിച്ചിരിക്കുന്നു വാഴയുടെ തുഞ്ചത്ത് പിടിച്ച് കരയ്ക്കെത്തിച്ചത് ഞാനാണ് അതുകൊണ്ട് മുകൾ ഭാഗം എനിക്കുവേണം."കുട്ടനണ്ണാൻ സമ്മതിച്ചു.അങ്ങനെ വാഴ പകുതിമുറിച്ച് മേൽഭാഗം കുളക്കോഴിക്കും താഴ്ഭാഗം കുട്ടനണ്ണാൻ കൃഷി ചെയ്തു.കുളക്കോഴിയുടെ വാഴ പെട്ടെന്ന് ചീഞ്ഞു പോയി.വെറുഭാഗം നട്ട അണ്ണാന്റെ വാഴയോ?വളർന്ന വലുതായി കുലവന്നു.കുലമൂത്ത് പഴമായി.കുളക്കോഴിയ്ക്ക് സങ്കടമായി.കുട്ടനണ്ണാൻ കുളക്കോഴിയെ അടുത്തുവിളിച്ചു . എന്നിട്ട് പറഞ്ഞു !

"നീ എന്റെ കൂട്ടുകാരിയല്ലേ പകുതി പഴം നീ കൊണ്ടുപോയ്ക്കോളൂ."

**അദ്നാൻ പി ഉമ്മർ**



# പൊങ്ങച്ചക്കാരിക്ക് പറ്റിയ അമളി

പരിഷ്കാരിയും പൊങ്ങച്ചക്കാരിയുമായ പൊന്നമ്മച്ചേച്ചി ഒരു ചെരുപ്പുകടയിൽ കയറി."എനിയ്ക്ക് നന്നായി ചേരുന്ന പുതിയ ചെരുപ്പുകൾ വേണം",അവർ കടക്കാരനോട് പറഞ്ഞു. കാലിൽ കിടന്ന ചെരുപ്പുകൾ ഊരി മാറ്റിയിട്ട്, കടക്കാരൻ കാണിച്ച ചെരുപ്പുകൾ ഓരോന്നായി അവൾ കാലിൽ ഇട്ടുനോക്കി. ഒത്തിരി എണ്ണം പരീക്ഷച്ചിട്ടും അവൾക്ക് ചേരുന്ന ചെരുപ്പ് കിട്ടിയില്ല.ഒടുവിൽ,അൽപ്പം മാറിക്കിടന്ന ഒരു ജോഡി ചെരുപ്പിൽ കാൽ കയറ്റിയപ്പോൾ കൃത്യം. "ഇത് കൊള്ളാം. അളവും രൂപകല്പനയും എനിയ്ക്ക് ഇഷ്ടപ്പെട്ടു.ഇതിന് എന്താണ് വില അവൾ ചോദിച്ചു. കടക്കാരൻ ചിരിച്ചുകൊണ്ടുപറഞ്ഞു."അയ്യോ,മാഡം അതിന് ഒന്നും തരേണ്ട.ഫ്രീയായി എടുത്തുകൊള്ളൂ. മാഡം ഇവിടേക്ക് കയറി വന്നപ്പോൾ കാലിൽ കിടന്ന ചെരുപ്പുകൾ ആണ് അത്. "ചമ്മലോടെ അവൾ പുറത്തേക്കുപോയപ്പോൾ കടക്കാരൻ ഓർത്തു." പലപ്പോഴും നമ്മൾ ഏറ്റവും പഴയ സാമഗ്രികളും സാഹചര്യങ്ങളും തള്ളിക്കളഞ്ഞിട്ടാണ് നാം പുതിയത് തേടിപോകുന്നത്.



**സാന്ദ്ര സാബു**

# മാമാങ്കം

കേരളത്തിൽ അറിയപ്പെടുന്ന ചരിത്രകാലത്തിനുമുൻപുമുതൽ പന്ത്രണ്ടു വർഷത്തിലൊരിക്കൽ നടത്തിയിരുന്ന ബ്രഹത്തായ നദീതീര ഉത്സവമായിരുന്നു മാമാങ്കം. ദക്ഷിണഗംഗ എന്നറിയപ്പെടുന്ന ഭാരതപ്പുഴയുടെ തീരത്ത് ഇന്നത്തെ മലപ്പുറം ജില്ലയിലെ തീരൂരിന് ഏഴ് കിലോമീറ്റർ തെക്കുമാറിയുള്ള തിരുനാവായ എന്ന സ്ഥലത്തിലെ മകം നാളിലെ ഉത്സവമാന്ന് മാമാങ്കം.

ഏതാണ്ട് ഒരു മാസ കാലം (28 ദിവസം) നീണ്ടുനിൽക്കുന്ന ഒരു ആഘോഷമായാണ് അവസാനകാലങ്ങളിൽ മാമാങ്കം നടത്തിവരുന്നത. ഇക്കാലമായപ്പോഴേക്കും ഭാരതത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്നെല്ലാം നിരവധി ജനങ്ങൾ പങ്കെടുക്കാൻ എത്തിയിരുന്നു. മാമാങ്കത്തിന്റെ രക്ഷാധികാരിയാവുക എന്നത് ആദിജാത്യം നൽകിയിരുന്ന ഒരു പദവിയായിരുന്നു. അതിനായി വള്ളുവക്കോനാതിരിയും സാമൂതിരിയും തമ്മിൽ നടന്ന വഴക്കും യുദ്ധങ്ങളും ചരിത്രപ്രസിദ്ധമാണ്. മാമാങ്കത്തിന് ഇതുമൂലം കൈവന്ന രാഷ്ട്രീയപ്രാധാന്യത്തെ തുടർന്ന് കാലാന്തരേണ മാമാങ്കവേദിയിൽ ചാവേറുകളായി പോരാടാനെത്തിയിരുന്ന വള്ളുവനാടൻ സേനാനികളുടേ പോരാട്ടം മാമാങ്കത്തിലെ പ്രധാന ഇനമായി തീർന്നു. ഈ മഹോത്സാവത്തിന്റെ ഉത്സവത്തെകുറിച്ച്

ചരിത്രകാരന്മാർക്കിടയിൽ ഏകാധിപ്രായമില്ല. ആദ്യം ചേരരാജാക്കന്മാരു പിന്നിട് പെരുമ്പടപ്പുമൂപ്പിന്നും അതിനുശേഷം വള്ളുവനാട്ടുരാജാക്കന്മാരും അവസാനമായി നാനൂറിലധികം വർഷകാലം സാമൂതിരിമാരുമായിരുന്നു മാമാങ്കം കൊണ്ടാടിയിരുന്നത്. ടിപ്പുസുൽത്താന്റെ പടയോട്ടത്തിനുശേഷം സാമൂതിരിവംശത്തിന്റെ രാഷ്ട്രീയ സാമ്പത്തികപ്രസക്തി ചോദ്യം ചെയ്യപ്പെടുകയും ബ്രിട്ടീഷുകാർ മലബാറിൽ സ്വാധീനം നേടുകയും ചെയ്യതോടെ നിലച്ചുപോയ മാമാങ്കം ഇന്ന് പണ്ടെങ്ങോ നടത്തിയിരുന്ന ഒരു ചടങ്ങുമാത്രമായി അറിയപ്പെടുന്നു.



**ഗൗരി നന്ദന ബി VIII B**

# പ്രളയം

മഴ എന്ന് പറയുന്നത് ഒരു അനുഭവമാണ്. മഴ നമുക്ക് പല തരത്തിലുള്ള അനുഭവങ്ങൾ നൽകുന്നു. പ്രളയത്തിലൂടെയും മഴയുടെ കോപത്തിന് നാം ഇരയാകുന്നു. മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകളുടെ ഫലമായി പ്രകൃതി മനുഷ്യർകും തിരിച്ചടി നൽകുന്നു. അത് പ്രളയത്തിലുടയാണ്.മനുഷ്യരുടെ ദുഷ്പ്പവർത്തികൾ അധികമാകുമ്പോൾ പ്രകൃതിക്ക് അത് സഹിക്കവുന്നതിനപ്പുറമാണ്. പാടം നികത്തി, കെട്ടിടങ്ങൾപണിഞ്ഞും, പുഴകൾ തോടുകൾ മുതലായ ഇടങ്ങളിൽ മാലിന്യങ്ങൾ എറിഞ്ഞും, കാടു നശിപ്പിച്ചും, മരങ്ങൾ വെട്ടിയുമൊക്കെ നാം പ്രകൃതിയെ നശിപ്പിക്കുമ്പോൾ ഉരുൾ പൊട്ടാൻ വരെ സാധ്യതയുണ്ട്.പാറപ്പൊട്ടിക്കുമ്പോൾ കിണറുകൾ തോടുകൾ മുതലായവ വറ്റുകയും വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്യും. ഇങ്ങനെയുള്ള മനുഷ്യരുടെ കൊടും ക്രൂരതയാണ് പ്രെക്രതിയെ പ്രളയത്തിലേക്ക് നയിക്കുനത് .

1999 ന ശേഷം 2018 ലാണ് ലോകം ഇത്തരത്തിലുള്ള ഒരു പ്രളയം കാണുന്നത്. 2018 ലെ പ്രളയത്തിൽ ആളുകൾ ഒത്തൊരുമയോടെ പ്രവ്വത്തിച്ചു. എല്ലാവരും പ്രളയത്തെ മറികടക്കുകയും ചെയ്തു. 2018 ലെ ദുരിതങ്ങളുടെ വാർത്തകൾ മനുഷ്യസ്നേഹികളുടെ ഉറക്കം കെടുത്തി.

ലോകം മുഴുവൻ ഒറ്റകെട്ടായി അതിജീവിച്ചെങ്കിലും കേരളത്തിന്റെ ഓർമയിൽ പ്രളയം ഒരു പേടിസ്വപ്പ്നമായി. പ്രകൃതിയെ നാം സ്നേഹിക്കണം. പ്രകൃതി നമ്മെയും സ്നേഹിക്കും.



**അൽക്കമോൾ വർഗീസ് VIII B**

# സ്ത്രീ

എന്തിനീ ക്രൂരത സ്ത്രീയോടെന്തിന്
അവൾ നിന്റെ അമ്മയാണ്
നിൻ സഹോദരിയും

അവൾ അമ്മ  അവൾ ആയ
അവൾ തന്നെ സർവ്വതും
അവൾ തന്നെ മാതൃത്വവും

ഇനിയെന്തു പുണ്യം
ഇനിയെന്ത് സൃഷ്ടിയും
ഇനിയെന്ത് നന്മയും .....

എന്തിനീ ക്രൂരത
.... സ്ത്രീയോടെന്തിന്



***GOPIKA MANU***
**VIII B**

# അമ്പാടിക്കണ്ണൻ

കൃഷ്ണ എൻ കണ്ണനെ
കാർമുകിൽ വർണ്ണനെ
കൃഷ്ണ നിൻ രാധയെ
രാധയെ കൃഷ്ണനെ

ഗോപകുമാരനേ കോകില നായക
ഗോപകുമാരനേ കൈതൊഴുന്നേൻ

അമ്പാടിക്കണ്ണനെ കാർമുകിൽ വർണ്ണനെ .....
കൈതൊഴുന്നേൻ .............

**GOPIKA MANU**
**VIII B**



# ഒരു കഥ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും മകളും ജീവിച്ചിരുന്നു.അവർക്കുണ്ടായിരുന്ന മകളുടെ പേര് സീത.അച്ഛൻ അമ്മ മകൾ സീത ഇവരെല്ലാം സുഖമായി ജീവിച്ചു.അപ്പോൾ സീതയുടെ അച്ഛനു പട്ടണത്തിൽ ഒരു ജോലികിട്ടി.അവിടെ എത്തിയപ്പോൾ സീതയുടെ അച്ഛൻ വേറെയൊരു പെൺകുട്ടിയെ സ്നേഹിച്ച് വിവാഹം കഴിച്ചു.എന്നിട്ട് അവർ രണ്ടുപേരും ഗ്രാമത്തിലെത്തി.ഇത് അറിഞ്ഞ സീതയുടെ 'അമ്മ ആത്മഹത്യ ചെയ്തു.എന്നിട്ട് സീതയും അച്ഛനും രണ്ടാനമ്മയും ജീവിച്ചു.രണ്ടാനമ്മയ്ക്ക് സീതയെ ഇഷ്ട്ടമായിരുന്നു.കുറച്ച് നാളുകൾക്ക് ശേഷം രണ്ടാനമ്മയ്ക്ക് വേറെയൊരു കുഞ്ഞ് ജനിച്ചു.അന്ന് മുതൽ സീതയെ രണ്ടാനമ്മയ്ക്ക് ഇഷ്ടമല്ലാതായി.എല്ലാ പണിയും സീതയെ കൊണ്ട് ചെയ്യിപ്പിക്കും.സ്വന്തം മകളെ സുഖമായി വളർത്തും.പലദിവസവും സീതയ്ക്ക് ഭക്ഷണവും കൊടുക്കുകയില്ല,പട്ടിണികിടത്തും.സ്വന്തം മകൾക്ക് ഉടുപ്പും വളയും മാലയും വാങ്ങി കൊടുക്കും.അത് കണ്ട് സീത നോക്കി നിൽക്കും.അപ്പോൾ രണ്ടാനമ്മ അവളെ വഴക്ക് പറഞ്ഞു ഓടിക്കും.സ്വന്തം മകളെ കൊണ്ട് ഒരു പണിയും ചെയ്യിക്കില്ല.അങ്ങനെയിരിക്കെ ഒരു ദിവസം സീതയുടെ രണ്ടാനമ്മയ്ക്ക് അസുഖം ബാധിച്ചുകിടക്കുകയായിരുന്നു.രണ്ടാനമ്മ തന്റെ സ്വന്തം മകളോട് പറഞ്ഞു;മോളെ അമ്മയ്ക്ക് വെള്ളം കൊണ്ടുവരു.അവൾ അനങ്ങാതെ അവിടെ നിന്നു.അത് കേട്ട് സീത ഓടിച്ചെന്ന് വെള്ളം കൊണ്ടുവന്നു.രണ്ടാനമ്മയ്ക്കു കൊണ്ടുവന്ന വെള്ളം കൊടുത്തു.

രണ്ടാനമ്മ സീതയോട് ചെയ്ത ദ്രോഹങ്ങൾ ഓർത്ത് സീതയെ കെട്ടിപ്പിടിച്ച് കരഞ്ഞു.അന്ന് മുതൽ രണ്ടാനമ്മയ്ക്ക് സീതയും അവരുടെ മകളും ഒരുപോലെയാണ്.

**JAUHARA JALEEL**
**VII B**



# അനുസരണ

പൊൻപ്രഭയാൽ മിന്നി തിളങ്ങുന്ന ചന്ദ്രശോഭയിൽ അവൾ പുറത്തിറങ്ങി.മിന്നുമൂങ്ങാ ഭക്ഷണം തേടി ഇറങ്ങി.അവളുടെ മിന്നിത്തിളങ്ങുന്ന കണ്ണുകൾ രാത്രിയിൽ ശോഭചൊരിഞ്ഞു.മിന്നു പറന്നുയർന്നു.അവൾ പലയിടത്തും ഭക്ഷണം തേടി പറന്നു.ഒത്തിരി സ്ഥലം താണ്ടിയിട്ടും അവൾക്കൊന്നും കിട്ടിയില്ല അവൾ വീണ്ടും തിരച്ചിൽ ആരംഭിച്ചു.ഒരു തോട്ടത്തിലേക്ക് മിന്നുവിന്റെ കണ്ണുകൾ പതിഞ്ഞു.നിറയെ പഴുത്തു നിൽക്കുന്ന  മാമ്പഴങ്ങൾ ആ തോട്ടത്തിൽ ഉണ്ടായിരുന്നു.അവൾ അതിനു നേർക്ക് പാഞ്ഞു.മിന്നു ഒരു മാമ്പഴം കൊതിയോടെ കൊത്തിയെടുത്തു.ഇത് കണ്ട മറ്റൊരു മരത്തിലിരുന്ന മൂങ്ങപറഞ്ഞു.മിന്നു നീ ഇത് ഇന്നത്തോടെ നിർത്തു.കാരണം ഇത് ആവർത്തിച്ചാൽ ഇവർ കെണി വെയ്ക്കും.അത് നിനക്ക് അപകടം ചെയ്യും.മിന്നു ഇത് പുശ്ചിച്ച് തള്ളി.അവൾ ഈ പ്രവർത്തി ദിവസവും ആവർത്തിച്ചു.ഒരു ദിവസം അവൾ മാങ്ങയിൽ കൊത്തിയപ്പോൾ മിന്നുവിന്റെ ചുണ്ടുകൾ ഓടിപ്പോയി.പെട്ടെന്ന് അവളൊരു മാങ്ങയും കൊണ്ട് കുഴിയിലേക്ക് വീണു.മിന്നു തേങ്ങി തേങ്ങി കരഞ്ഞു.രാവിലെ ആയപ്പോൾ അവൾ കരഞ്ഞു കരഞ്ഞു തളർന്നിരുന്നു.പെട്ടെന്ന്

മുത്തശ്ശി മൂങ്ങ വന്ന് അവളെ പ്രയാസപ്പെട്ട് രക്ഷിച്ചു.അവൾ അന്നുമുതൽ ഒരു പ്രതിജ്ഞ എടുത്തു.ഇനി ഞാൻ ഒരിക്കലും മുതിർന്നവരെ അനുസരിക്കാതിരിക്കില്ല.അന്നുമുതൽ അവൾ മൂങ്ങകൾക്ക് ഒരു മാതൃകയായി സന്തോഷപൂർവം ജീവിച്ചു.



**ദേവിക എസ് VIII B**

# പൂച്ചക്കുട്ടി

ഒരിടത്ത് ലാമി എന്ന ഒരു കുട്ടിയുണ്ടായിരുന്നു.അവളുടെ വീട്ടിൽ അമ്മയും,അച്ഛനും,ലാമിയും,മാത്രമാണ് ഉണ്ടായിരുന്നത്.അതിനാൽ അവൾക്ക് കളിക്കാൻ ആരും കൂട്ടില്ലായിരുന്നു.പണ്ട് അച്ഛനും,അമ്മയും,കൂടുമായിരുന്നു.അവളുടെ ഒപ്പം കളിക്കാൻ പിന്നീട് ജോലിത്തിരക്കുകാരണം അവർക്ക് സമയമില്ലായിരുന്നു.

അങ്ങനെയിരിക്കെ ലാമിയുടെ സുഹൃത്തായ മിക്കി അവളോട് പറഞ്ഞു "എനിക്ക് അച്ഛൻ ഇന്നലെ ഒരു വളർത്ത് മൃഗത്തെ വാങ്ങിച്ചുതന്നു.അത് കേട്ടതും ലാമിയുടെ ഉള്ളിൽ ഒരു ആഗ്രഹം തോന്നി.അവൾ കരുതി എനിക്കുംങ്ങളെ വാങ്ങുന്ന സ്ഥലത്തു പോയി.ലാമി ചുറ്റും നോക്കി.നായക്കുട്ടി,മുയൽ,എന്നിവകളെ കണ്ടു.പക്ഷെ ഒന്നും ലാമിക്ക് ഇഷ്ടപ്പെട്ടില്ല.അതെ നേരം നോക്കിയപ്പോൾ  അതാ  ഒരു കൂട്ടിൽ പാവം പൂച്ചക്കുട്ടി കിടക്കുന്നു.അത് ഒരു പെൺ പൂച്ചകുട്ടിയായിരുന്നു.അവളെ കാണാൻ സുന്ദരിയാണ്.കറുപ്പും,വെള്ളയും,കാപ്പിപൊടിയും നിറമാണ് പൂച്ചകുട്ടിയ്ക്ക്.അവൾ വളരെ വ്യത്യസ്തയാണ്.കഴുത്തിന് താഴെ ഒരു ഹൃദയത്തിന്റെ ചിഹ്നമുണ്ട്.ലാമിക്ക് അവളെ വളരെ അധികം ഇഷ്ട്ടപെട്ടു.ആ പൂച്ചക്കുട്ടിയെ അവൾ വാങ്ങിച്ചു.അവൾക്ക് ലാമി "ടിങ്കു"എന്ന് പേരിട്ടു.ടിരാജൻ സന്തോഷത്തോടെ സമ്മതിച്ചു.മുത്തശ്ശി തൻറെ കയ്യിലുണ്ടായ ആറ് മുട്ടകളും പൊരിച്ച് കൊടുത്തു.രാജന്റെ വിശപ്പ് മാറി.അതിനുശേഷം രാജൻ ചോദിച്ചു.ആ ആറ് മുട്ടകൾക്കും എത്ര രൂപയാണ് എന്ന് പറയാമോ?ആറ് മുട്ടകൾക്കും ആറ് രൂപയാണ്.കുവിന് പാലും പൂച്ചത്തീറ്റയും കൊടുത്തു.അൽപ സമയം

കഴിഞ്ഞപ്പോൾ അവൾ കളിക്കാൻ തുടങ്ങി.ടിങ്കു എപ്പോഴും ലാമിയുടെ കാലിൽ ഉരുമി നടപ്പായി.അവൾ ചോറുകഴിച്ചപ്പോൾ ടിങ്കു ഓടിവന്ന് കരഞ്ഞു "മ്യാവൂ"... .എന്നും പറഞ്ഞു ലാമി നിലത്തു ചോറ് ഇട്ട് കൊടുത്തപ്പോൾ ടിങ്കു കഴിച്ചു.ലാമി ഉറങ്ങാൻ പോയപ്പോൾ ടിങ്കുവും കിടന്നു.അപ്പോൾ ലാമിയുടെ 'അമ്മ വന്ന് പൂച്ചയെ കൂടെ കിടത്തണ്ട എന്ന് പറഞ്ഞു.ലാമി പക്ഷെ അമ്മ അറിയാതെ ടിങ്കുവിനെ പുതപ്പിൽ ഒളിപ്പിച്ച് കിടത്തി.എന്നും അത് പതിവായി.പിന്നീട് 'അമ്മ കണ്ട് ഒന്നും പറയാതായി.എന്നും രാവിലെ ടിങ്കു ലാമിയെ വിളിച്ച് എഴുന്നേല്പിക്കും.ലാമി ഭക്ഷണം കഴിക്കുമ്പോൾ ടിങ്കു ഓടി വരും.

അവർ എപ്പോഴും വളരെ കൂട്ടാണ്.ഇതുവരെ അവർ പിണങ്ങിയിട്ടില്ല.അവർ വളരെ സന്തോഷത്തോടെ ജീവിക്കുന്നു

*ഗുണപാഠം ;-ആരും മൃഗങ്ങളെ വെറുക്കരുത്*

**ടോൺസി സേവ്യർ VII A**



# ഒരു സിംഹം

ഒരിടത്ത് ഒരിടത്ത് ഒരു സിംഹം ഉണ്ടായിരുന്നു.കാട്ടിൽ അവനാണ് ഏറ്റവും വലുത് എന്നായിരുന്നു അവന്റെ ചിന്ത.അവൻ എല്ലാവരെയും കളിയാക്കുമായിരുന്നു. ഒരു ദിവസം ഒരു മുയൽ അതു വഴിനടന്നു വരികയായിരുന്നു.അപ്പോൾ അത് സിംഹം കണ്ടു.സിംഹം വിചാരിച്ചു "ഈ മുയലിനെയും പേടിപ്പിച്ചാലോ" അങ്ങനെ അവൻ മുയലിന്റെ മുമ്പിലേക്ക് ചാടി വീണു.അപ്പോൾ ആ കുഞ്ഞുമുയൽ പേടിച്ച് ഓടിപ്പോയി.അവൻ അഹങ്കരിച്ച് അങ്ങനെ നടക്കുന്നതിനിടയിൽ അവന്റെ മുമ്പിൽ ഒരു ആന വന്നു നിന്നു.അവൻ ഞെട്ടിപ്പോയി.കാരണം ആന അവനെക്കാൾ വലുതായിരുന്നു.കാര്യം പറഞ്ഞിട്ട് ആന പോയി.

***AFINITHA ALI***
***VIIA***



# സ്വർണ മുട്ടകൾ

പണ്ടൊരു കാലത്ത് ഒരു ഗ്രാമത്തിൽ രാജൻ എന്ന ഒരാളുണ്ടായിരുന്നു.അദ്ദേഹം ഒരു ദിവസം വ്യാപാരത്തിന് വേണ്ടി തന്റെ ഗ്രാമത്തിൽ നിന്ന് പട്ടണത്തിലേക്ക് പുറപ്പെട്ടു.പോയപ്പോൾ ഒരുപാട് ഇരുട്ടി പോയതുകൊണ്ട് അവിടെയുള്ള ഒരു ഗ്രാമത്തിൽ താമസിക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിന് നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ടും,ഉറക്കം വരുന്നുണ്ടായിരുന്നതുകൊണ്ടും ഒരു സത്രത്തിൽ താമസിക്കാൻ തീരുമാനിച്ചു. സത്രത്തിനുള്ളിൽ ഒരു മുത്തശ്ശി ഉറങ്ങുന്നുണ്ടായിരുന്നു.രാജൻ മുത്തശ്ശിയോട് ചോദിച്ചു.മുത്തശ്ശി ഞാൻ കുറയെ ദൂരെ നിന്നാണ് വന്നത്.എനിക്ക് നല്ല വിശപ്പുണ്ട്.എനിക്ക് എന്തെങ്കിലും കഴിക്കാനുണ്ടാകുമോ?ഇത്രയും വൈകി വന്നതുകൊണ്ട് നിനക്ക് തരുവാൻ എന്റെ കയ്യിലൊന്നുമില്ല.മുത്തശ്ശി ഭക്ഷണം കിട്ടുമെന്നുമുള്ള വിശ്വാസത്തിലാണ് ഞാൻ വന്നത്.എന്തായാലും കുഴപ്പമില്ല.എന്തെങ്കിലും തരുമോ നല്ലവണ്ണം വിശക്കുന്നു.എന്റെ കയ്യിൽ ആറ് മുട്ടകളുണ്ട് ഞാൻ അത് പൊരിച്ചുതരാം അനുമതിയോ?എന്ന് മുത്തശ്ശി ചോദിച്ചു. രാജൻ സന്തോഷത്തോടെ സമ്മതിച്ചു.മുത്തശ്ശി തൻറെ കയ്യിലുണ്ടായ ആറ് മുട്ടകളും പൊരിച്ച് കൊടുത്തു.രാജന്റെ വിശപ്പ് മാറി.അതിനുശേഷം രാജൻ ചോദിച്ചു.ആ ആറ് മുട്ടകൾക്കും എത്ര രൂപയാണ് എന്ന് പറയാമോ?ആറ് മുട്ടകൾക്കും ആറ് രൂപയാണ്.രാജന്റെ കയ്യിൽ ഒരു സ്വർണ നാണയമേ ഒള്ളു എന്ന് പറഞ്ഞു.മുത്തശ്ശി കുറയെ വഴക്കുപറഞ്ഞു.പിറ്റേന്ന് ഗ്രാമത്തിലെ ന്യായാധിപന്റെ അടുക്കൽ ചന്ന് മുത്തശ്ശി കാര്യം പറഞ്ഞു ന്യായാധിപനോരു മുറിയിൽ രാജനെ പൂട്ടിയിട്ടു.എന്നിട്ട് ചോറ്റിങ്ങൽ

ചോദിച്ചു.ഉത്തരം നാളെ പറയാമെന്നും പറഞ്ഞു.പിറ്റേന്ന് രാജന്റെ ഒരാൾ ചെന്ന്.അയാൾ രാജന്വെബ്ദി വാദിക്കാമെന്നും പറഞ്ഞ് ന്യായാധിപന്റെ അടുക്കൽ ചെന്ന് വാദിച്ചു. കാര്യം എന്താണെന്ന് ന്യായാധിപന് മനസ്സിലായി.മുത്തശ്ശി രാജന്റെ അടുക്കൽ നിന്ന് പണം തട്ടിയെടുക്കാനുള്ള ശ്രമമാണെന്ന് മനസ്സിലാക്കി.മുത്തശ്ശിയെ കുറയെ വഴക്ക് പറയുകയും ന്യായാധിപൻ ചെയ്തു.രാജൻ തനിക്കുവേണ്ടി വാദിച്ച് ന്യായം വാങ്ങി തന്നയാൾക്ക് പണം നൽകി നന്ദി പറഞ്ഞ് തന്റെ ഗ്രാമത്തിലേക്ക് മടങ്ങി.

**സഫ താജുദീൻ**

**VIIB**



# ഡാലിയയും ജൂലിയും

പണ്ട് കാലത് ഒരു ഗ്രാമത്തിൽ മിറാൻ എന്ന ഒരു ആളുണ്ടായിരുന്നു. മിറന്റെ ഭാര്യയുടെ പേര് മറിയം എന്നാണ് .ഡാലിയ അവളുടെ അമ്മയെ അടുക്കള ജോലിയിൽ സഹായിച്ചിരുന്നു .ജൂലിയാകട്ടെ അവളുടെ സൗന്ദര്യത്തെ അവൾ തന്നെ പുകഴ്ത്തിപറയും.'ഈ ലോകത്ത് ഇത്രയും സൗന്ദര്യമുള്ള ആള് വേറെ ആരുമില്ല.എനിക്ക് എന്തൊരു സൗന്ദര്യമാണ്'. അങ്ങനെ ഒരു ദിവസമാണ് ഒരു വിളംബരം കേട്ടത് "രാജാവിന് ഒരു വധുവിനെ വേണമെന്ന് .ഈ സമയത്താണ് ഒരു വൃദ്ധ കയറിവന്നത് ."ആരെങ്കിലും ഉണ്ടോ ". എന്ന് വൃദ്ധ ചോദിച്ചപ്പോൾ ജൂലി ഇറങ്ങി വന്നിട്ട് പറഞ്ഞു :"ഇവിടെ പിച്ചക്കാർക്ക് ഒന്നും ഇല്ല. ഇറങ്ങി പൊയ്ക്കോ ഇവിടെന്ന്" . വൃദ്ധ പറഞ്ഞു:"എനിയ്ക്ക് വിശക്കുന്നുണ്ട്.കുറച്ച് ആഹാരം കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നു ". ഡാലിയ ഇറങ്ങി വന്നിട്ട് പറഞ്ഞു :"വാ അമ്മെ. ഞാൻ നിങ്ങൾക്ക് ആഹാരം തരാം ". "നന്ദി മോളേ. നീ നന്നായി വരും ", വൃദ്ധ പറഞ്ഞു.ഡാലിയ വൃദ്ധയോട് നല്ല സ്നേഹത്തോടെ പെരുമാറി. ആഹാരവും വെള്ളവും നൽകി. വൃദ്ധയ്ക്ക് സന്തോഷമായി . പക്ഷെ ഇതൊന്നും ജൂലിക്ക് ഇഷ്ടപ്പെട്ടില്ല. വൃദ്ധ എല്ലാവരോടും നന്ദി പറഞ്ഞു ഇറങ്ങി. ജൂലിയോട് പറയാൻ നേരത്ത് ജൂലി പറഞ്ഞു:"ഇതെങ്ങാനും രാജകുമാരൻ കണ്ടാൽ എന്നെ ഇഷ്ടപ്പെടില്ല. അതും ഒരു വൃദ്ധയോട്". ഇത്രയും പറഞ്ഞുകൊണ്ട് ജൂലി അകത്തേയ്ക്ക് പോയി. അടുത്ത ദിവസം അവരുടെ വീട്ടിലേയ്ക്ക് രാജകുമാരൻ വന്നു. ജൂലി പുറത്തേയ്ക്ക് ഓടി വന്നു.


രാജകുമാരൻ ചോദിച്ചു ഡാലിയ ഇവിടെ ഇല്ലേ .ഇവിടെ അടുക്കളജോലി ചെയ്യുകയാണ്.എന്നെ ഇഷ്ടമായോ .'എനിക്ക് ഡാലിയയെ ആണ് ഇഷ്ട്ടം ആ വൃദ്ധയായിട്ടു വന്നത് ഞാൻ ആണ്.ഡാലിയായയാണ് എനിക്ക് ആഹാരം തന്നത്. അവൾക് നല്ല മനസാണ്.നീ വൃദ്ധയെ കണ്ടിട്ട് വെറുത്തു ഇത്രയും പറഞ്ഞു നിർത്തി .രാജകുമാരൻ ഡാലിയയെ കണ്ടു .രണ്ടു പേരും വിവാഹം കഴിച്ച് സുഖമായി ജീവിച്ചു .



**റിയ ഫാത്തിമ VIIA**



***BY***
***U SAVITHRI***
***IX B***




# PICTURE COLLECTIONS













by
Anjitha
class:-6A


DONALD
DUCK











# THE EDITING DESK

